17. യന്ത്രവൽകൃത മത്സ്യബന്ധനം.

18. കരകൗശല മേഖല

19. ഇലക്ട്രിക് ഉപകരണങ്ങൾ, ഗൃഹോപകരണ മേഖല

20 ഇലക്ട്രോണിക് വ്യവസായം

21. ടാന്നറീസ് ആന്റ് ലതർ ഉല്പാദനം

22. വാട്ടർ ബോട്ട് ട്രാൻസ്പോർട്ട് (മറ്റ് മോട്ടോർ ട്രാൻസ്പോർട്ട് ഒഴികെ)

23. ചൂരലും മുളയും

24. ബ്രൂവറീസ്

കർഷക തൊഴിലാളി ക്ഷേമനിധി പെൻഷൻ

49(T2301) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അർഹരായവർക്ക് കർഷക തൊഴിലാളി ക്ഷേമനിധി പെൻഷൻ ലഭിക്കുവാൻ വരുമാനപരിധി നിശ്ചയിക്കുന്നത് നിർത്തലാക്കുവാൻ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ?

ഉത്തരം

1998-ലെ കേരള കർഷക തൊഴിലാളി പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കുടുംബ വാർഷിക വരുമാനം 11,000 രൂപയാണ്. പരിമിത വരുമാനമുള്ള കർഷക തൊഴിലാളികളെ സഹായിക്കുന്നതിനായുള്ളതാണ് ഈ പദ്ധതി. അതിനാൽ വരുമാന പരിധി എടുത്തു കളയുന്ന കാര്യം പരിഗണിക്കാൻ കഴിയില്ല.

പ്രൈവറ്റ് സെക്യൂരിറ്റി മേഖലയിലെ കുറഞ്ഞ കൂലി

50(2302) ശ്രീ. കെ. ബി. ഗണേഷ് കുമാർ :

ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റ് സെക്യൂരിറ്റി മേഖലയിൽ കുറഞ്ഞ കൂലി നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ നിർദ്ദിഷ്ട കുറഞ്ഞ വേതനം നൽകാത്ത ഏതെല്ലാം ഏജൻസികളാണുള്ളതെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) കുറഞ്ഞ കൂലി നടപ്പാക്കണമെന്ന് ഏതെല്ലാം യൂണിയനുകൾ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഇതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly